## പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 5807

27-10-2011 ൽ മറുപടിയ്ക്ക്

# കരനെൽകൃഷി വ്യാപകമാക്കാൻ എന്തെല്ലാം നടപടി

ചോദ്യം
ശ്രീ. പി.തിലോത്തമൻ

മറുപടി
ശ്രീ.കെ.പി.മോഹനൻ
(കൃഷിയും മൃഗസംരക്ഷണവും
അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി)

| ചോദ്യം | മറുപടി |
|---|---|
| (എ) തരിശുനിലങ്ങളിൽ കൃഷി ചെയ്യുന്നതിന് ആനുകൂല്യങ്ങൾ നൽകുന്നുണ്ടോ; വിശദമാക്കാമോ; തരിശു കിടക്കുന്ന കൃഷിയിടങ്ങളിൽ കൃഷിയിറക്കുന്നവർക്ക് നൽകുന്ന സാമ്പത്തിക സഹായം നിലവിൽ നഷ്ടം സഹിച്ചും സ്ഥിരമായി കൃഷി ചെയ്യുന്ന കർഷകർക്ക് നൽകാനും ഇവരുടെ കൃഷി മെച്ചപ്പെടുത്താനും സർക്കാർ നടപടി സ്വീകരിക്കുമോ; | (എ) തരിശുനിലങ്ങളിൽ നെൽകൃഷി ചെയ്യുന്നതിന് 2011-12 വർഷത്തിൽ സുസ്ഥിര നെൽകൃഷി വികസന പദ്ധതി പ്രകാരം 3000 ഹെക്ടറിലേക്കായി ഹെക്ടറിന് 5000 രൂപ നിരക്കിൽ 150 ലക്ഷം രൂപയുടേയും സംസ്ഥാന ഭക്ഷ്യസുരക്ഷാ പദ്ധതി പ്രകാരം വനിതാ ഗ്രൂപ്പുകൾ വഴി നടത്തുന്ന കൃഷിയ്ക്ക് 750 ഹെക്ടറിലേയ്ക്കായി ഹെക്ടറിന് 10000 രൂപ നിരക്കിൽ 75 ലക്ഷം രൂപയുടേയും സഹായം നൽകി വരുന്നു.<br>സ്ഥിരമായി നെൽകൃഷി ചെയ്യുന്ന കർഷകർക്ക് സുസ്ഥിര നെൽകൃഷി വികസന പദ്ധതി പ്രകാരം ഗ്രൂപ്പ് ഫാമിംഗ് പ്രവർത്തനങ്ങൾക്കായി ഹെക്ടറിന് 1500 രൂപയുടെ സഹായം നൽകി വരുന്നു. ഈ തുക വർദ്ധിപ്പിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. |
| (ബി) കരനെൽകൃഷി വളരെ ആദായകരമാണെന്ന് കണ്ടിരിക്കുന്ന സാഹചര്യത്തിൽ കരനെൽകൃഷി കൂടുതൽ വ്യാപകമാക്കാൻ എന്തെല്ലാം നടപടികൾ കൈകൊള്ളുമെന്നു പറയാമോ? | (ബി) കരനെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി സംസ്ഥാന ഭക്ഷ്യ സുരക്ഷാ പദ്ധതി പ്രകാരം ഹെക്ടറിന് 5000 രൂപ നിരക്കിലുള്ള ധനസഹായം നൽകി വരുന്നു. 2011-12 വർഷം സംസ്ഥാന വ്യാപകമായി 8000 ഹെക്ടർ സ്ഥലത്ത് കരനെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി 400 ലക്ഷം രൂപ നീക്കിവച്ചിരിക്കുന്നു. |

സെക്ഷൻ ഓഫീസർ